# ദന്തഗോപുരങ്ങൾ ഇളകുമ്പോൾ

- Bigesh Unniyan

വളരെ യാദൃശ്ചികമായാണ് ഹരിയാനയിലെ കർണാലിൽ എത്തിച്ചേർന്നത്. സിൻഘുവിലെ കർഷക സമരകേന്ദ്രത്തിലേക്ക് പുറപ്പെടാൻ ആഗ്രഹിച്ച ഞങ്ങളെ കർഷക സമര നായകൻ സഖാവ് പി കൃഷ്ണപ്രസാദാണ് കർണാലിലേക്ക് നയിച്ചത്. ചരിത്രം തിരുത്തിയെഴുതുന്ന കാഴ്ച സമ്മാനിച്ചാണ് അദ്ദേഹം ഞങ്ങളെ തിരിച്ചയക്കുന്നത്. ദിവസങ്ങളോളം



നിശ്ചയദാർഢ്യത്തോടെ പോരാടുന്ന കർഷകരുടെ പ്രക്ഷോഭം ഒടുവിൽ വിജയക്കൊടി പാറിച്ചിരിക്കുന്നു. പോലീസുകാരുടെ ക്രൂര മർദ്ദനത്തിനിരയായി ധീരരക്തസാക്ഷിത്വം വരിച്ച കർഷക സമരഭടൻ സുശീൽ കാജലിന്റെ മരണത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനായി ഹരിയാന സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നു.

കഴിഞ്ഞ ഓഗസ്റ്റ് 28 നാണ് ഹരിയാനയിലെ കർണാലിൽ കർഷക സമരകേന്ദ്രത്തിൽ സമാധാനപരമായി സമരം ചെയ്യുന്ന കർഷകർക്ക് നേരെ ഹരിയാന പോലീസ് നരനായാട്ട് അഴിച്ചു വിട്ടത്. വളഞ്ഞിട്ട് ക്രൂരമായി മർദിച്ചതിന്റെ പിന്നാലെ രക്തസാക്ഷിത്വം വരിച്ച സുശീലിന്റെ മരണത്തിനുത്തരവാദികളായവരെ നിയമത്തിനു മുന്നിൽ കൊണ്ട് വരണമെന്നാവശ്യപ്പെട്ട് കർണാലിൽ ശക്തമായ പ്രക്ഷോഭമാണ് കിസാൻ സഭയുടെ നേതൃത്വത്തിൽ പിന്നീട് നടന്നു വന്നത്.

കുടുംബത്തിന്റെ ഒരേയൊരു അത്താണിയായിരുന്ന, വെറും ഒന്നര ഏക്കറിൽ കൃഷി ചെയ്ത് ചെറുപ്പകാലം മുതൽക്കേ കുടുംബത്തിന്റെ ഭാരം തലയിൽ ഏറ്റെടുത്ത സുശീലിനെപ്പോലുള്ളവർക്ക് കർഷക വിരുദ്ധമായ കാർഷിക ഭേദഗതി നിയമം ജീവിതം വഴിമുട്ടിക്കുന്ന അവസ്ഥയിൽ എത്തിക്കുമെന്ന ഘട്ടം വന്നപ്പോഴാണ് പ്രക്ഷോഭത്തിലേക്ക് തിരിയേണ്ടി

വന്നത്. തലയ്ക്കു പിന്നിലും ശരീരത്തിന്റെ പല ഭാഗത്തും ആഴത്തിൽ മുറിവേറ്റ അദ്ദേഹത്തിന്റെ മുഖം തല്ല് കൊണ്ട് വീർത്ത് നീല നിറമായിരുന്നു. എന്നാൽ, കൂടെ സമരം ചെയ്യുന്നവൻ അടിയേറ്റ് പിടഞ്ഞു വീഴുന്നത് കണ്ട് ആരും പിന്തിരിഞ്ഞോടിയില്ല. അവരുടെ പോരാട്ടത്തിന് പുതിയ ദിശാബോധമാണ് അതിലൂടെ ഉദിച്ചുയർന്നത്. ആയിരങ്ങൾ പിന്നീട് പതിനായിരങ്ങൾക്ക് വഴിമാറിയപ്പോൾ ദന്തഗോപുരത്തിൽ വസിക്കുന്നവർ AC യുടെ ശീതളച്ഛായയിൽ നിന്ന് ചേറിലും ചെളിയിലും പണിയുന്ന മണ്ണിന്റെ മക്കൾക്ക് മുന്നിൽ മുട്ട് കുത്തുന്ന നയന മനോഹരമായ കാഴ്ചയാണ് പിന്നീട് നമുക്ക് കാണാൻ കഴിഞ്ഞത്.

വർത്തമാനകാല ഇന്ത്യയ്ക്ക് ഇതൊരു പുതിയ തിരിച്ചറിവാണ്. ഐകമത്യം



മഹാബലം എന്നത് വെറുമൊരു പഴഞ്ചൊല്ലല്ല എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ മറ്റൊരു സുദിനം. കർഷക - തൊഴിലാളി ഐക്യം സമസ്തമേഖലയിലും ഉയർന്നു വരേണ്ടുന്നതിന്റെ ഒരു ചൂണ്ടു പലക. അതാണ്, കർണാൽ ഇന്ന് ഇന്ത്യൻ തൊഴിലാളികൾക്ക് നൽകുന്ന സന്ദേശം.

നിയമപരമായി സമരം പ്രഖ്യാപിക്കുന്നവരെ ഭീഷണിപ്പെടുത്തി പിന്മാറ്റുക. അതിന് വഴങ്ങാതെ സമരം ചെയ്യുന്നവരെ തല്ലിച്ചതക്കുക. അതും നേരിടുന്നവരെ തോക്കിനും ലാത്തിക്കും ഇരയാക്കി ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തുക..! ജനാധിപത്യത്തിന്റെ കശാപ്പു ശാലയാക്കി രാജ്യത്തെ മാറ്റിയവർക്ക് മുന്നിൽ തോറ്റുകൊടുക്കാതെ പോരാടി നേടിയ വിജയം. അത് അത്യന്തം മധുരതരമാണ്.

കുടുംബത്തിൽ രണ്ട് പേർക്ക് സർക്കാർ വകുപ്പിൽ സ്ഥിരം നിയമനം. 25 ലക്ഷം രൂപ ആശ്വാസ ധനം. പരിക്കേറ്റവർക്ക് 2 ലക്ഷം രൂപ വീതം ധനസഹായം. അക്രമത്തിനു നേതൃത്വം നൽകിയ ഉദ്യോഗസ്ഥനെതിരെ ജുഡീഷ്യൽ അന്വേഷണം. ചുമതലയിൽ നിന്നും മാറ്റി നിർത്തിയ ശേഷം ഒരു മാസത്തിനകം അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കണം. ജനവിരുദ്ധ നയങ്ങൾ തുടർച്ചയായി മുന്നോട്ട് കൊണ്ട് പോകുന്ന സർക്കാരിൽ നിന്ന് ഇത്രയും

കാര്യങ്ങൾ നേടിയെടുക്കുക എന്നത് ചെറിയ കാര്യമല്ല. ഒന്നുമില്ലായ്മയിൽ നിന്നുമാണ് അവർ ഇവിടം വരെയെത്തിയത്. ചോദിക്കാൻ ആളുണ്ടായപ്പോഴാണ് സർക്കാരിന് കീഴടങ്ങേണ്ടി വന്നത്. ചിതറിപ്പോയവർ ഒരു ചെങ്കൊടിയുമെടുത്ത് നടന്നു നീങ്ങിയപ്പോൾ പിന്നീടത് ചരിത്രമായി മാറി.

അത് കൊണ്ടുതന്നെ ഇന്ന് ഇന്ത്യയിലെ കർഷകരുടെ ദിനമാണ്. അവരുടെ സന്തോഷാരവങ്ങൾക്ക് സാക്ഷിയായി അവരോടൊപ്പം ആഹ്ലാദ പ്രകടനത്തിലും പങ്കെടുത്ത് സമാപന പൊതുയോഗത്തിൽ സഖാവ് കെ പി യുടെ ഹിന്ദിയിലുള്ള ഉജ്ജ്വല പ്രസംഗവും കേട്ട് കൊണ്ടാണ് ഞങ്ങൾ അവിടം വിട്ടത്.

ഈ ഐക്യം ഇനിയും മുന്നോട്ട് പോകണം. കർഷകരെന്നോ തൊഴിലാളികളെന്നോ വ്യത്യാസമില്ലാതെ. കർഷക സമരം പൂർണ അർത്ഥത്തിൽ വിജയിക്കുന്നത് വരെ നമോരോരുത്തരുടെയും മാനസികവും ശരീരികവുമായ ഐക്യദാർഢ്യവും പിന്തുണയും ആ സമരത്തിനുണ്ടാവണം.

കാരണം...

No farmer = No food..!

ലാൽസലാം